# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
# അഞ്ചാമത് റിപ്പോർട്ട്
# (2020-2021)

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
# (2020-2021)

2020 മാർച്ച് 2-ാം തീയതി സമർപ്പിച്ചത്
(Presented on 2nd March 2020)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി III**
**(SUBJECT COMMITTEE III)**

# ജലവിഭവം
# (WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2020-2021)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2020-2021)

272/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി III
# (ജലവിഭവം)
# (2019-2021)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. കൃഷ്ണൻകുട്ടി,

ജലവിഭവവകുപ്പ് മന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. ടി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. ടി. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ജയശ്രീ. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2020 ഫെബ്രുവരി 19-ന് യോഗം ചേർന്ന്, സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXIX | — | കൃഷി (ചെറുകിട ജലസേചനം) (2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം) |
| ധനാഭ്യർത്ഥന നമ്പർ XXXVIII | — | ജലസേചനം |

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനയ്ക്കും സാമ്പത്തികപരമായ പരിമിതികൾക്കും വിധേയമായി സമിതി രൂപം നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2020 ഫെബ്രുവരി 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 25.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XX

## ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1439.6768 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

**2215- ശുദ്ധജല വിതരണവും ശുചീകരണവും**

2215-01-190-99(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായ ധനം- പര്യവേഷണവും സൂക്ഷ്മ പരിശോധനയും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

1. നിലവിൽ ഉത്പാദനഘടകങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും പണികൾ നടന്നുവരുന്നതുമായ 128 പദ്ധതികൾക്ക് വിതരണശൃംഖല സ്ഥാപിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റുകളും എഞ്ചിനീയറിംഗ് റിപ്പോർട്ടുകളും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സർവ്വേ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-96—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കുപ്പിവെള്ളം നിർമ്മാണയൂണിറ്റ്

വിഹിതം : 2 കോടി രൂപ (പ്ലാൻ)

2. അരുവിക്കരയിലെ കുപ്പിവെള്ള ഉത്പാദന യൂണിറ്റിന്റെ ഇതുവരെയുള്ള പ്രവൃത്തികളുടെ തുക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിനായും യൂണിറ്റ് പ്രവർത്തനക്ഷമമായി കഴിയുമ്പോൾ ആവശ്യമായ പ്രാരംഭ ചെലവിനും വിപണനം, പരസ്യം, നടത്തിപ്പ് എന്നീ ആവശ്യങ്ങൾക്കുമായും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-92—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

വിഹിതം : 3 കോടി രൂപ (പ്ലാൻ)

3. കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചുറ്റുമതിൽ നിർമ്മാണത്തിനായും സോളാർ പാനൽ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ വേലി നിർമ്മിക്കുന്നതിനായും കൃത്യമായ ഇടവേളകളിൽ ജലശുദ്ധീകരണശാലകൾ, പമ്പ് ഹൗസുകൾ, ജലസംഭരണികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായും ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-101-97(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാപദ്ധതികൾ നടപ്പാക്കൽ - നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് സമ്പ്രദായവും

വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

4. വൈദ്യുതിചാർജ്ജ് ഇനത്തിൽ ഉണ്ടാകുന്ന ചെലവ് ചുരുക്കുന്നതിനും പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സ് ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെ സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കേരളമൊട്ടാകെ, മേൽക്കൂരയ്ക്ക് $100m^2$-ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാട്ടർ അതോറിറ്റിയുടെ കെട്ടിടങ്ങളിലും രണ്ട് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഇറിഗേഷന്റെയും വാട്ടർ അതോറിറ്റിയുടെയും സ്ഥലങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 45.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-47—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - മറ്റ് ചെലവുകൾ - കുടിവെള്ള വിതരണവുംവരൾച്ച പരിഹാരവും

വിഹിതം : 10 കോടി രൂപ (പ്ലാൻ)

5. പ്രകൃതി ദുരന്തങ്ങളിൽ അടിയന്തര സാഹചര്യങ്ങൾ ഏറ്റെടുക്കുന്നതിനും വരൾച്ച ബാധിത പ്രദേശങ്ങളിലെ പൈപ്പ് ലൈൻ വിപുലീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-64—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റുചെലവുകൾ - മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെ അളവുയർത്തൽ

വിഹിതം : 10 കോടി രൂപ (പ്ലാൻ)

6. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളക്കൊയ്ത്ത് പരിപാടിയുടെ ഭാഗമായി 2020-2021-ൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 24.67 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-87—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - സംരംഭക വിഭവ ആസൂത്രണ സ്ഥാപന ശാക്തീകരണവും ഇ-ഗവേർണൻസും ജി.ഐ.എസ്.-ഉം ഇൻഫർമേഷൻ മാനേജ്മെന്റും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

7. കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുക, പരിപാലിക്കുക സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുക, നവീകരിക്കുക, ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ പരിപാലനം, റവന്യൂ ശേഖരണകേന്ദ്രങ്ങളുടെ 100% കമ്പ്യൂട്ടറൈസേഷൻ, പേമെന്റ് സംവിധാനങ്ങൾക്കുമായി മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(19)-31—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം -സഹായധനം - ശമ്പളം

വിഹിതം : 170.4286 കോടി രൂപ (നോൺ പ്ലാൻ)

8. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളിലെ അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 263.3425 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(19)-36—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം- പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം- ശമ്പളേതരം

വിഹിതം : 121.7399 കോടി രൂപ (നോൺ പ്ലാൻ)

9. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളിലെ അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 188.1098 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-102-80—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജനസഹായത്തോടുകൂടിയ ജലവിതരണ പദ്ധതിക്ക് സുസ്ഥിരത ഉറപ്പാക്കൽ

വിഹിതം : 30 കോടി രൂപ (പ്ലാൻ)

10. ഗുണഭോക്താക്കൾ പരിപാലിക്കുന്നതും എന്നാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായ 748 കടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും 100 കടിവെള്ള പദ്ധതികളുടെ ജലഗുണനിലവാരം ഉയർത്തുന്നതിനുമായി ഈ ശീർഷകത്തിൽ 122.64 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99(02)-31—ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം- ശമ്പളം

വിഹിതം : 16.9178 കോടി രൂപ (നോൺ പ്ലാൻ)

11. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 26.1411 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99(02)-36—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം

വിഹിതം : 11.9697 കോടി രൂപ (നോൺ പ്ലാൻ)

12. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 18.4954 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 4215-ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്

4215-01-102-91—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജലവിതരണപദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

വിഹിതം : 10 കോടി രൂപ (പ്ലാൻ)

13. ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ കീഴിലുള്ള ജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 12.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-98(01)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - ഗ്രാമീണ ജലവിതരണം-നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ - ആർ.ഐ.ഡി.എഫ്.

വിഹിതം : 60 കോടി രൂപ (പ്ലാൻ)

14. നിലവിലുള്ളതും നേരത്തെ നബാർഡ് അനുമതി ലഭിച്ച് ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയതുമായ പദ്ധതികളുടെ വിതരണശൃംഖലകളുടെ പണി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-02-190-99 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യസംസ്കരണ പദ്ധതി

വിഹിതം : 8 കോടി രൂപ (പ്ലാൻ)

15. കേരള വാട്ടർ അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ടി ഈ ശീർഷകത്തിൽ 92 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-101-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - നഗര ജലവിതരണ പദ്ധതി - നഗരജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/പുനരധിവാസം

വിഹിതം : 50 കോടി രൂപ (പ്ലാൻ)

16. ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായും നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായും ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-97 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - ഗ്രാമീണ ജലവിതരണം - ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 10 കോടി രൂപ (പ്ലാൻ)

17. ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ 128 പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായും നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായും ഈ ശീർഷകത്തിൽ 90 കോടി രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-89 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജലവിതരണം -മറ്റുചെലവുകൾ- ഉത്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

വിഹിതം : 50 കോടി രൂപ (പ്ലാൻ)

18. കുടിവെള്ളവിതരണം മുടങ്ങാതെ നടത്തുന്നതിനായി പഴയ ജലശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുക, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഡബ്ല്യു.ടി.പി.യുടെ പുനരധിവാസം, പഴയ പൈപ്പ്ലൈനുകൾ മാറ്റി ജല ചോർച്ച ഒഴിവാക്കുക, കാലഹരണപ്പെട്ട പമ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുക, നിലവിലുള്ള സ്കീമുകളിൽ ലഭ്യമായ അധികജലം ഉപയോഗിച്ച് കൊണ്ട് ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരിക്കുക, ഫ്ലോമീറ്ററുകൾ സ്ഥാപിക്കുക, മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-101-96—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം -നഗരജലവിതരണ പദ്ധതി - അരുവിക്കര പമ്പിങ് സ്റ്റേഷന്റെ നവീകരണം

വിഹിതം : 1 കോടി രൂപ (പ്ലാൻ)

19. അരുവിക്കര പമ്പിങ് സ്റ്റേഷനിൽ ഉയർന്ന ശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-91 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റ് ചെലവുകൾ- മാനവശേഷി വികസനവും, ഗവേഷണം, ഗുണനിയന്ത്രണം

വിഹിതം : 1 കോടി രൂപ (പ്ലാൻ)

20. എഞ്ചിനീയർമാരുടെ പരിശീലനം, എൽട്രോമെക്കാനിക്കൽ വർക്ക്ഷോപ്പ്, ലൈബ്രറി എന്നിവയുടെ പരിപാലനം, ജില്ലാ ലാബുകളുടെ അക്രഡിറ്റേഷൻ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 19 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-92 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജലവിതരണം-മറ്റ് ചെലവുകൾ - ഉറവിടം മെച്ചപ്പെടുത്തലും ജലസംരക്ഷണവും

വിഹിതം : 2 കോടി രൂപ (പ്ലാൻ)

21. ചെക്ക് ഡാമുകളുടെയും റെഗുലേറ്ററുകളുടെയും ബണ്ടുകളുടേയും നിർമ്മാണം കുഴൽ കിണറുകൾ, തുറന്ന കിണറുകൾ, ഇൻഫിൽട്രേഷൻ ഗാലറികൾ, ലീഡിങ് ചാനലുകൾ, ജലസംഭരണികൾ, വാമനപുരം, കടലുണ്ടി, ഭാരതപ്പുഴ, ചാലിയാർ തുടങ്ങിയ നദികൾക്ക് കുറുകെ വെയറുകൾ/ബണ്ടുകൾ, ചെക്ക് ഡാമുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-92 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജലവിതരണം-ഗ്രാമീണജല വിതരണം ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യൂ.പി) 50% കേന്ദ്ര വിഹിതം

വിഹിതം : 800 കോടി രൂപ (പ്ലാൻ)

22. കേന്ദ്ര സർക്കാറിന്റെ പദ്ധതിയായ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 2024 ആകുമ്പോഴേക്കും ഗ്രാമീണ മേഖലയിലുള്ള എല്ലാവർക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ വഴി ആവശ്യാനുസരണം സുരക്ഷിതമായി കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 1600 കോടി രൂപ സംസ്ഥാനവിഹിതമായി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX—(കൃഷി)

വോട്ട് ചെയ്തത് : 3476.2298 കോടി രൂപ

ചാർജ്ജ് ചെയ്തത് : 10.05 ലക്ഷം രൂപ

**2702 — ചെറുകിട ജലസേചനം**

2702-01-800-94-05-2—ചെറുകിട ജലസേചനം- ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം- ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

വിഹിതം : 7 കോടി രൂപ ( നോൺ പ്ലാൻ)

23. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-01-800-94-34—ചെറുകിട ജലസേചനം-ഉപരിതലജലം - മറ്റ് ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം- മറ്റു ചെലവുകൾ

വിഹിതം : 25 കോടി രൂപ ( നോൺ പ്ലാൻ)

24. ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-01-800-88-33—ചെറുകിട ജലസേചനം- ഉപരിതലജലം - മറ്റ് ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ

വിഹിതം : 10 കോടി രൂപ ( നോൺ പ്ലാൻ)

25. പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി 2019-20 വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിന് ഈ ശീർഷകത്തിൽ 16.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-34-3—ചെറുകിട ജലസേചനം- സംരക്ഷണ പണികൾ - വാട്ടർ ടാങ്കുകൾ- സംരക്ഷണ പണികൾ - മറ്റുചെലവുകൾ - മറ്റുചെലവുകൾ- മറ്റിനം

വിഹിതം : 3 കോടി രൂപ (പ്ലാൻ)

26. 2019-ലെ വെള്ളപ്പൊക്കംമൂലവും കാലപ്പഴക്കംമൂലവും വിവിധ ഇറിഗേഷൻ പദ്ധതികൾക്കുണ്ടായ കേടുപാടുകൾ തീർക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-34-(03)—ചെറുകിട ജലസേചനം- സംരക്ഷണ പണികൾ - വാട്ടർ ടാങ്കുകൾ- സംരക്ഷണ പണികൾ - മറ്റുചെലവുകൾ - വെള്ളപ്പൊക്ക നാശം മൂലമുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : 11.70 കോടി രൂപ (നോൺ പ്ലാൻ)

27. 2019-ലെ വെള്ളപ്പൊക്കംമൂലവും കാലപ്പഴക്കംമൂലവും വിവിധ ഇറിഗേഷൻ പദ്ധതികൾക്കുണ്ടായ കേടുപാടുകൾ തീർക്കുന്നതിന് ഈ ശീർഷകത്തിൽ 1.3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-02-103-99—ചെറുകിട ജലസേചനം-ഭൂഗർഭജലം-കുഴൽക്കിണറുകൾ-ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതി

വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

28. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് ജലവിതരണം നടത്തുന്നതിനും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനും കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4702- ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്**

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്- ഉപരിതലജലം- ചെറുകിട ജലസേചന പദ്ധതികൾ

വിഹിതം : 15 കോടി രൂപ (പ്ലാൻ)

29. ജലസംരക്ഷണത്തിനും ജലസേചന സൗകര്യം ഒരുക്കുന്നതിനും ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-97—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതലജലം - ലിഫ്റ്റ് ഇറിഗേഷൻ

വിഹിതം : 6 കോടി രൂപ ( പ്ലാൻ)

30. ഉയർന്ന പ്രദേശങ്ങളിൽ ജലസേചനം ഉറപ്പുവരുത്തുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 12 പുതിയ എൽ.ഐ.സ്കീമുകൾ, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ എന്നിവ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-87—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ഉപരിതലജലം - കുളങ്ങളുടെ നവീകരണം

വിഹിതം : ഇല്ല.

31. 2020-21 സാമ്പത്തിക വർഷത്തിൽ 62 കുളങ്ങളുടെ നവീകരണം ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-82 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതലജലം- ചെറുകിട ജലസേചനം - ക്ലാസ്സ് II

വിഹിതം : 14.50 കോടി രൂപ (പ്ലാൻ)

32. നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും മൈക്രോ ഇറിഗേഷൻ ഉൾപ്പെടെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്- ഉപരിതലജലം- ചെക്ക്ഡാമുകളും റെഗുലേറ്ററുകളും

വിഹിതം : ഇല്ല.

33. വരൾച്ച തടയുന്നതിനും കുടിവെള്ള വിതരണത്തിനുമായി തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-77— ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതലജലം - കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

വിഹിതം : 3 കോടി രൂപ (പ്ലാൻ)

34. ചെറുഅരുവികളുടെ സമഗ്രമായ വികസനത്തിനും കബനിയിലേയും പാമ്പാറിലേയും കുളങ്ങളുടെ അഭിവൃദ്ധിപ്പെടുത്തലിനും തടയണകളുടെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-73 — ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതല ജലം - ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനസ്ഥാപനം

വിഹിതം : 5 കോടി രൂപ (പ്ലാൻ)

35. വെള്ളപ്പൊക്കംമൂലവും കാലപ്പഴക്കംമൂലവും കേടുപാടുകൾ വന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ നന്നാക്കലിനും മറ്റുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-71— ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതല ജലം - ഭവാനി തടം- അട്ടപ്പാടിയിൽ ചെക്ക്ഡാമുകൾ

വിഹിതം : 2 കോടി രൂപ (പ്ലാൻ)

36. ആദിവാസി മേഖലകളിൽ ഉപയോഗപ്പെടും വിധം തടയണയും എൽ.ഐ.സ്കീമും പോലുള്ള ചെറുജല സംഭരണികൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-65 -(01) — ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതല ജലം - ചെറുകിട ജലസേചനം - ക്ലാസ് II- ഹരിതകേരളം പദ്ധതികൾ - മരാമത്തുകൾ

വിഹിതം : 5 കോടി രൂപ (പ്ലാൻ)

37. നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-63-01 — ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതല ജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജല സ്രോതസ്സുകളുടെ സംരക്ഷണം - ഹരിതകേരളം പദ്ധതികൾ - മരാമത്തുകൾ

വിഹിതം : 7.4 കോടി രൂപ (പ്ലാൻ)

38. ശരിയായ പരിപാലനമില്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട വിവിധ കുളങ്ങളും ടാങ്കുകളും പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾക്ക് ഈ ശീർഷത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-102-94-(01)— ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഭൂഗർഭ ജലം- ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി - മരാമത്തുകൾ

വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

39. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് ജലവിതരണം നടത്തുന്നതിനും ചെറുകിട ജലവിതരണ പദ്ധതികളുടെ നവീകരണത്തിനും കുഴൽ കിണർ കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXVIII (ജലസേചനം)

വോട്ട് ചെയ്തത് : 857.5429 കോടി രൂപ

ചാർജ്ജ് ചെയ്തത് : 6.6579 കോടി രൂപ

**2700 -വൻകിട ജലസേചനം**

2700-02 — വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)

വിഹിതം : 16.6727 കോടി രൂപ (നോൺ പ്ലാൻ)

40. മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് സംരക്ഷണ പണികൾക്കും വൈദ്യുതി ചെലവിനത്തിലും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-03 — വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)

വിഹിതം : 1.0161 കോടി രൂപ (നോൺ പ്ലാൻ)

41. വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട് വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ളിഷ്മെന്റ് ഇനത്തിലും സംരക്ഷണ പണികൾക്കുമായി ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-04— വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)

വിഹിതം : 80.84 ലക്ഷം രൂപ (നോൺ പ്ലാൻ)

42. മംഗലം പദ്ധതിയിൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-05— വൻകിട ജലസേചനം - മീങ്കര പദ്ധതി (വാണിജ്യപരം)

വിഹിതം : 1.2318 കോടി രൂപ (നോൺ പ്ലാൻ)

43. മീങ്കര പദ്ധതിയിൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-12— വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 3.3721 കോടി രൂപ (നോൺ പ്ലാൻ)

44. പഴശ്ശി പദ്ധതിയിൽ ദിവസവേതന തൊഴിലാളികളുടെ വേതനത്തിനും സംരക്ഷണ പണികൾക്കുമായി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-13— വൻകിട ജലസേചനം - കുറ്റ്യാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 7.4395 കോടി രൂപ (നോൺ പ്ലാൻ)

45. കാവേരി ഹൗസിന്റെ അറ്റകുറ്റപ്പണികൾക്കും വൈദ്യുതി ചെലവിനും കുറ്റ്യാടി പ്രോജക്ടിന്റെ സംരക്ഷണ പണികൾക്കും തോട്ടത്തിന്റെ സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-17— വൻകിട ജലസേചനം - ചിറ്റൂർപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 3.15 കോടി രൂപ (നോൺ പ്ലാൻ)

46. ചിറ്റൂർപ്പുഴ പദ്ധതിയിൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-18— വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 7.1689 കോടി രൂപ (നോൺ പ്ലാൻ)

47. ഡാമിന്റെ സംരക്ഷണപ്പണികൾക്കും അനുബന്ധ കെട്ടിടങ്ങളുടെ വൈദ്യുതിചാർജ്ജിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-25— വൻകിട ജലസേചനം - മൂലത്തറ ആർ.ബി. കനാൽ പദ്ധതി (വാണിജ്യേതരം)

വിഹിതം : 13.51 ലക്ഷം രൂപ (നോൺ പ്ലാൻ)

48. മൂലത്തറ ആർ.ബി.കനാൽ പദ്ധതിയിൽ കനാൽ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-001-99— വൻകിട ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - ഭരണവും നടത്തിപ്പും

വിഹിതം : 2.4605 കോടി രൂപ (നോൺ പ്ലാൻ)

49. ജീവനക്കാരുടെ ശമ്പളം, റ്റി.എ, എൽ.ടി.സി., മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-01— വൻകിട ജലസേചനം - പെരിയാർ നദീതടപദ്ധതി (വാണിജ്യപരം)

വിഹിതം : 27.4152 കോടി രൂപ (നോൺ പ്ലാൻ)

50. കനാലിന്റെ അറ്റകുറ്റപ്പണികൾക്കും തകർന്നു കിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-11— വൻകിട ജലസേചനം - നെയ്യാർ ജലസേചനപദ്ധതി (വാണിജ്യേതരം)

വിഹിതം : 4.20 കോടി രൂപ (നോൺ പ്ലാൻ)

51. സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-14— വൻകിട ജലസേചനം - വടക്കാഞ്ചേരിപദ്ധതി (വാണിജ്യേതരം)

വിഹിതം : 43.02 ലക്ഷം രൂപ (നോൺ പ്ലാൻ)

52. അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16— വൻകിട ജലസേചനം - പമ്പാ ജലസേചനപദ്ധതി (വാണിജ്യേതരം)

വിഹിതം : 7.079 കോടി രൂപ (നോൺ പ്ലാൻ)

53. സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1.20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-27— വൻകിട ജലസേചനം - കല്ലട ജലസേചനപദ്ധതി (വാണിജ്യേതരം)

വിഹിതം : 22.0943 കോടി രൂപ (നോൺ പ്ലാൻ)

54. കനാലുകളുടെ സംരക്ഷണപ്പണികൾ ചെയ്യുന്നതിനും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 21.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-001-98— വൻകിട ജലസേചനം - ജനറൽ- ഭരണവും നടത്തിപ്പും- മേൽനോട്ടം

വിഹിതം : 7.5942 കോടി രൂപ (നോൺ പ്ലാൻ)

55. പ്രോജക്ട് സർക്കിൾ പിറവം, പാലക്കാട്, കണ്ണൂർ എന്നീ ഓഫീസുകളിലെ കമ്പ്യൂട്ടർ ജോലികൾക്കായും ഇന്ധനത്തിന്റെയും, സാധനസാമഗ്രികളുടെയും വിലക്കയറ്റം പരിഗണിച്ചും ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-001-97— വൻകിട ജലസേചനം - ജനറൽ- ഭരണവും നടത്തിപ്പും- നടത്തിപ്പ്

വിഹിതം : 19.3009 കോടി രൂപ (നോൺ പ്ലാൻ)

56. ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ, ചിറ്റൂർ എന്നീ ഓഫീസുകളിലെ കമ്പ്യൂട്ടർ ജോലികൾക്കായും ഇന്ധനത്തിന്റെയും സാധനസാമഗ്രികളുടെയും വിലക്കയറ്റം പരിഗണിച്ചും ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2701 - ഇടത്തരം ജലസേചനം**

2701-15-101-99-02-5— ഇടത്തരം ജലസേചനം- കുട്ടനാട് വികസനപദ്ധതി - സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് - വേതനം - ദിവസവേതനം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

57. ദിവസവേതനക്കാരുടെ ശമ്പളം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-16-101-99-02-5 — ഇടത്തരം ജലസേചനം - കാട്ടാമ്പള്ളി പദ്ധതി - സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് - വേതനം - ദിവസവേതനം

വിഹിതം : 3 ലക്ഷം രൂപ (നോൺ പ്ലാൻ)

58. കാട്ടാമ്പള്ളി പദ്ധതിയിൽ താൽക്കാലിക ഷട്ടർ ഓപ്പറേറ്റർമാരുടെ വേതനം നൽകുന്നതിന് ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-11— ഇടത്തരം ജലസേചനം - പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 1.5251 കോടി രൂപ (നോൺ പ്ലാൻ)

59. പോത്തുണ്ടി പദ്ധതിയിൽ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-12— ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 2,000 രൂപ (നോൺ പ്ലാൻ)

60. അട്ടപ്പാടി പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും ബിൽഡിംഗ് മെയിന്റനൻസിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-17— ഇടത്തരം ജലസേചനം - ചേരമംഗലം പദ്ധതി (വാണിജ്യേതരം)

വിഹിതം : 20.02 ലക്ഷം രൂപ (നോൺ പ്ലാൻ)

61. കനാലുകളുടെ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701 - 20 — ഇടത്തരം ജലസേചനം - വെള്ളിയാങ്കല്ല് കാസ് വേ (വാണിജ്യേതരം)

വിഹിതം : 13.25 ലക്ഷം രൂപ (നോൺ പ്ലാൻ)

62. അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-001-93 (02)— ഇടത്തരം ജലസേചനം -ജനറൽ - ഭരണവും നടത്തിപ്പും - കാവേരി നദീതട പദ്ധതികൾ- നടത്തിപ്പ്

വിഹിതം : 7.7541 കോടി രൂപ (നോൺ പ്ലാൻ)

63. കാഷ്വൽ സ്വീപ്പറുടെ വേതനം, മെഡിക്കൽ റിഇമ്പേഴ്സ്മെന്റ്, വാഹനങ്ങളുടെ ഇന്ധനചെലവ്, എൽ.ടി.സി. എന്നിവയിലേക്കായി ഈ ശീർഷകത്തിൽ 7.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-02— ഇടത്തരം ജലസേചനം -ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

വിഹിതം : 2.2569 കോടി രൂപ (നോൺ പ്ലാൻ)

64. പ്രളയക്കെടുതിയിൽ തകർന്ന നിർമ്മാണങ്ങളുടെയും കനാൽ ശൃംഖലകളുടെയും പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 3.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-03— ഇടത്തരം ജലസേചനം - ചീരക്കുഴി പദ്ധതി (വാണിജ്യപരം)

വിഹിതം : 1.1114 കോടി രൂപ (നോൺ പ്ലാൻ)

65. പ്രളയക്കെടുതിയിൽ തകർന്ന നിർമ്മാണങ്ങളുടെയും കനാൽ ശൃംഖലകളുടെയും പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701 -14 — ഇടത്തരം ജലസേചനം - ചിമ്മിണി പദ്ധതി (വാണിജ്യേതരം)

വിഹിതം : 77.50 ലക്ഷം രൂപ (നോൺ പ്ലാൻ)

66. പ്രളയക്കെടുതിയിൽ തകർന്ന നിർമ്മാണങ്ങളുടെയും കനാൽ ശൃംഖലകളുടെയും പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-97— <u>ഇടത്തരം ജലസേചനം -ജനറൽ - മറ്റുചെലവുകൾ- മറ്റുജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും</u>

വിഹിതം : 2.3625 കോടി രൂപ (നോൺ പ്ലാൻ)

67. തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമുകളുടെ അറ്റകുറ്റപ്പണികൾക്കും ഷട്ടറുകളും മാറ്റി സ്ഥാപിക്കുന്നതിനും പ്രളയക്കെടുതിയിൽ ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുമായി <u>ഈ ശീർഷകത്തിൽ 7.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2701-80-005-92— <u>ഇടത്തരം ജലസേചനം-ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും-ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം ആധുനികവൽക്കരണം</u>

വിഹിതം : 3.50 കോടി രൂപ (പ്ലാൻ)

68. തീരദേശ ഡേറ്റാ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനും കോസ്റ്റൽ ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതിനുമായി <u>ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**2711- വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും**

2711-01-103-98-34-3— <u>വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്ക് - വെള്ളപ്പൊക്ക ക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ- മറ്റുചെലവുകൾ- മറ്റിനം</u>

വിഹിതം : 3 കോടി രൂപ (നോൺ പ്ലാൻ)

69. പ്രളയംമൂലമുണ്ടായ കെടുതികൾ പരിഹരിക്കുന്നതിനായി <u>ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2711-02-103-99-34-3— വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ പണികൾ - കടലാക്രമണ നിരോധന പണികൾ സംരക്ഷണം-മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം : 6.50 കോടി രൂപ (നോൺ പ്ലാൻ)

70. മൺസൂൺ മാസങ്ങളിലുണ്ടാകുന്ന കടലാക്രമണകെടുതികൾ നേരിടുന്നതിനും കടൽഭിത്തികളുടെ സംരക്ഷണവും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-99-21-2— വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ് ചീഫ് എഞ്ചിനീയർ- കുട്ടനാട് പാക്കേജ് (75% CSS) - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 18,000 രൂപ (നോൺ പ്ലാൻ)

71. കുട്ടനാട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.94 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-99-99— വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് -(75% CSS) വിവരസാങ്കേതികവിദ്യ

വിഹിതം : 25,000 രൂപ (നോൺ പ്ലാൻ)

72. കുട്ടനാട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓൺലൈൻ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറുകളുടെ മെയിന്റനൻസിനായി ഈ ശീർഷകത്തിൽ 75,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-99-06— വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് - (75% സി.എസ്.എസ്) - വാടക, കരം, നികുതി

വിഹിതം : 3.60 ലക്ഷം രൂപ (നോൺ പ്ലാൻ)

73. പുതുക്കിയ നിരക്കിൽ വാടക നൽകുന്നതിനും അവശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.84 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-99-45— വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് -(75% സി.എസ്.എസ്) - പി.ഒ.എൽ.

വിഹിതം : 72,000 രൂപ (നോൺ പ്ലാൻ)

74. ഇന്ധനചെലവിനും ഇന്ധനചെലവിന്റെ കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-98-21-2— വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം-ഭരണവും നടത്തിപ്പും - മേൽനോട്ടം കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്) - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 31,000 രൂപ (നോൺ പ്ലാൻ)

75. കാലപ്പഴക്കംമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-98-99— <u>വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും-മേൽനോട്ടം - കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.) - വിവര സാങ്കേതികവിദ്യ</u>

വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

76. ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടറുകളുടെ മെയിന്റനൻസിനുമായി <u>ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2711-01-001-97-21-2— <u>വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്) - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 62,000 രൂപ (നോൺ പ്ലാൻ)

77. കാലപ്പഴക്കംമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി <u>ഈ ശീർഷകത്തിൽ 58,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2711-01-001-97-05-2— <u>വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടപ്പാക്കൽ- കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.)- ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്</u>

വിഹിതം : 1.55 ലക്ഷം രൂപ (നോൺ പ്ലാൻ)

78. കുട്ടനാട് പാക്കേജിൽ വൈദ്യുത ചാർജ്ജ് നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**4700 – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4700-12— വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 5 കോടി രൂപ (പ്ലാൻ)

79. പഴശ്ശി പദ്ധതിയിൽ നിർമ്മാണ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-13— വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 2 കോടി രൂപ (നോൺ പ്ലാൻ)

80. കുറ്റ്യാടി പദ്ധതിയിൽ നിർമ്മാണ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-17— വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചിറ്റൂർപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 3 കോടി രൂപ (പ്ലാൻ)

81. ചിറ്റൂർപ്പുഴ പദ്ധതിയിൽ കനാൽ നവീകരണത്തിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-24 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കരിയാർകുറ്റി - കാരപ്പാറ പദ്ധതി (വാണിജ്യേതരം)

വിഹിതം : ഇല്ല.

82. കരിയാർകുറ്റി - കാരപ്പാറ പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-25 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

വിഹിതം : 5 കോടി രൂപ (പ്ലാൻ)

83. മൂലത്തറ ആർ.ബി. കനാൽ പദ്ധതിയിൽ ഇടതുകര കനാൽ നീട്ടുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-20 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)

വിഹിതം : 25 കോടി രൂപ (പ്ലാൻ)

84. ഇടമലയാർ പദ്ധതിയിൽ കരാർ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 50 കോടി രൂപ (പ്ലാൻ)

85. 2020 ജനുവരിമാസം വരെയുള്ള പെൻഡിംഗ് ബില്ലുകൾ കൊടുത്ത് തീർക്കുന്നതിനും 2020-21-ൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുമായും കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 7.5820 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-800-92 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - യന്ത്രോപകരണങ്ങൾ- വൻകിട ജലസേചനപദ്ധതികൾക്ക വേണ്ടി സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക നൽകൽ

വിഹിതം : 60 ലക്ഷം രൂപ (നോൺ പ്ലാൻ)

86. വൻകിട ജലസേചനപദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-800-89— വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-യന്ത്രോപകരണങ്ങൾ-നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

വിഹിതം : 5 കോടി രൂപ (നോൺ പ്ലാൻ)

87. നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-21 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് മീനച്ചിൽ പദ്ധതി (വാണിജ്യേതരം)

വിഹിതം : ഇല്ല.

88. ഒറിജിനൽ വർക്കിന്റെ ബിൽ കൊടുത്ത് തീർക്കുന്നതിനും അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും മറ്റ് ചെക്ക് ഡാമുകളുടെയും നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-005-99 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ജനറൽ - സർവ്വേയും അന്വേഷണവും- ജലസേചനപദ്ധതികളിന്മേൽ അന്വേഷണം

വിഹിതം : 2.50 കോടി രൂപ (പ്ലാൻ)

89. വെള്ളപ്പൊക്ക നിയന്ത്രണത്തിന് അണക്കെട്ടുകൾ നിർമ്മിക്കുന്നതിനായി (അട്ടപ്പാടി) ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4701 - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4701-12 — ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 1 കോടി രൂപ (പ്ലാൻ)

90. അട്ടപ്പാടി പ്രോജക്ട് ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701 - 18 — ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

വിഹിതം : 4 കോടി രൂപ (പ്ലാൻ)

91. ചമ്രവട്ടം പ്രോജക്ടിൽ ഭരണച്ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-72 — ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മറ്റുചെലവുകൾ-വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രൈനുകളുടെയും ആധുനികവൽക്കരണം

വിഹിതം : 6 കോടി രൂപ (പ്ലാൻ)

92. കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-25-800-97 — ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പാമ്പാർ ബേസിൻ പ്രോജക്ട് മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധപണിയും

വിഹിതം : 14 കോടി രൂപ (പ്ലാൻ)

93. പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിനും സിവിൽ ഇൻസ്ട്രമെന്റേഷൻ ജോലികൾക്കും സ്ഥലം ഏറ്റെടുപ്പിനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-77 — ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ- മറ്റ് ചെലവുകൾ- ഡാം പുനരുദ്ധാരണ പദ്ധതി

വിഹിതം : 63 കോടി രൂപ (പ്ലാൻ)

94. DRIP- മായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4711 - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്**

4711-01-103-99 — വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ- സിവിൽ പണികൾ

വിഹിതം : ഇല്ല.

95. പ്രളയംമൂലം കരയിടിഞ്ഞും മറ്റുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-02-103-99 — വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ പണികൾ- സിവിൽ പണികൾ

വിഹിതം : 1 കോടി രൂപ (പ്ലാൻ)

96. കടൽ ഭിത്തിയുടെ നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 24 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-84— വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്- വെള്ളപ്പൊക്ക നിയന്ത്രണം- സിവിൽ പണികൾ- കുട്ടനാട്- വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

വിഹിതം : 17.40 കോടി രൂപ (പ്ലാൻ)

97. കുട്ടനാട് താലൂക്കിലെ പുറംബണ്ട് ബലപ്പെടുത്താത്ത പാടശേഖരങ്ങളിൽ പുറംബണ്ട് സംബന്ധിച്ച പ്രവൃത്തി ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 17.60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സമിതി നൽകിയ അധിക ശിപാർശ**

98. കാവേരി ബേസിനിൽ വിഭാവനം ചെയ്യുന്ന കടമാൻതോട്-തോണ്ടാർ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് മറ്റ് ചെലവുകൾ (4701-80) എന്ന ശീർഷകത്തിൽ മൈനർ ഹെഡ്ഡ് അനുവദിച്ച് ആയതിലേയ്ക്ക് 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാറ്, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻകെട്ട്), കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി, പമ്പ, മംഗലം, കാരാപ്പുഴ എന്നീ 16 ഡാമുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി DRIP Phase II A Central Water Commission-ന് സമർപ്പിച്ച് അംഗീകാരം നേടിയ 166 കോടി രൂപയുടെ പ്രൊപ്പോസലിൽ പ്രസ്തുത തുകയുടെ 30% തുക 2020-21-ൽ ചെലവാക്കണമെന്ന Government of India, Department of Economic Affairs-ന്റെ നിർദ്ദേശമുള്ളതിനാൽ DRIP Phase II-ലേയ്ക്ക് പുതിയ ശീർഷകം അനുവദിച്ച് 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

100. നീലൂർ കുടിവെള്ള പദ്ധതിക്കായി 20 കോടി രൂപയും പരുത്തൂർ, തിരുവേഗപ്പുറ, മുതുതല പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി 60 കോടി രൂപയും പുതിയ ശീർഷകം അനുവദിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

101. മുന്നിലവ് ചില്ലിച്ചി ചെക്ക് ഡാം കം ബ്രിഡ്ജ് പദ്ധതിക്കായി 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102. മുന്നിലവ് പഞ്ചായത്തിലെ ഇരുമപ്ര കടിവെള്ള പദ്ധതിക്കായി 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2020 ഫെബ്രുവരി 25.

കെ. കൃഷ്ണൻകുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.